©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 26<br>26th January 2021<br>1196 മകരം 13<br>13th Makaram 1196<br>1942 മാഘം 6<br>6th Magha 1942 | നമ്പർ<br>No. | 4 |

## PART III

### Notifications by Heads of Departments

## Commissionerate of Land Revenue

## Thodupuzha Taluk

പരസ്യം

നമ്പർ എഫ്1-12247/2020. 2021 ജനുവരി 8.

തൊടുപുഴ താലൂക്കിൽ തൊടുപുഴ വില്ലേജിൽ ചരുവിൽപുരയിടത്തിൽ വീട്ടിൽ ടി. എസ്. അബ്ദുൾ റഹീം എന്നയാൾ 22-9-2020-ാം തീയതി മരിച്ചുപോയതിനാൽ പരേതന്റെ ഭാര്യ അമീന അബ്ദുൾ റഹീം സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ ടി എസ്. അബ്ദുൾ റഹീം 22-9-2020-ാം തീയതി മരിച്ചതായും താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ അവകാശികൾ എന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അമീന അബ്ദുൾ റഹീം | ഭാര്യ | 39 |
| 2 | അനീസ് റഹ്മാൻ | മകൻ | 20 |
| 3 | അമ്റിൻ ഫാത്തിമ | മകൾ | 15 |
| 4 | ഖദീജ സെയ്തു മുഹമ്മദ് | മാതാവ് | 73 |

(പരേതന്റെ പിതാവ് സെയ്തു മുഹമ്മദ്, പി. കെ. 19-1-1994-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്.)

മേൽ വിവരിച്ചവർ മാത്രമാണ് അവകാശികൾ എന്നു കാണിക്കുന്ന സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന പരാതികൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
തൊടുപുഴ. തഹശീൽദാർ.

## Idukki Taluk

പരസ്യം

നമ്പർ എ3-10361/2020. 2020 നവംബർ 24.

ഇടുക്കി താലൂക്കിൽ കട്ടപ്പന വില്ലേജിൽ വെള്ളയാംകുടി കരയിൽ പിണ്ടകടവിൽ വീട്ടിൽ ജോൺ ഉതുപ്പാൻ 18-11-2013-ൽ മരിച്ചുപോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ടിയാന്റെ ഭാര്യ മോളി ജോൺ ഈ താലൂക്ക് കച്ചേരി മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ കട്ടപ്പന വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ടി ജോൺ ഉതുപ്പാൻ 18-11-2013-ൽ മരിച്ചുപോയതായും അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മോളി ജോൺ | ഭാര്യ | 59 |
| 2 | റോയി ജോൺ | മകൻ | 41 |
| 3 | റോണ ജോൺ | ,, | 38 |

പരേതനായ ജോൺ ഉതുപ്പാൻ എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷപ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ടി പരസ്യം കേരള ഗവണ്മെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞതോ രേഖാമൂലം അല്ലാത്തതോ ആയ ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

## ERNAKULAM DISTRICT

ലേല പരസ്യം

നമ്പർ എ12-5528/2019. 2020 ഡിസംബർ 24.

മൂവാറ്റുപുഴ താലൂക്ക് ആരക്കുഴ ഗവ. ഐ.ടി.ഐ. കോമ്പൗണ്ടിൽ നിൽക്കുന്ന മരങ്ങൾ 9-2-2021-ാം തീയതി പകൽ 11 മണിക്ക് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആരക്കുഴ വില്ലേജ് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ₹ 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തു വിട്ടുനൽകുന്നതാണ്. ലേല തുക, ജി. എസ്. ടി. വനവികസന നികുതി എന്നിവ അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. എന്തെങ്കിലും കാരണവശാൽ ലേലം നടക്കാതിരുന്നാൽ 25-2-2021 തീയതിയിലും പ്രസ്തുത തീയിതിയിൽ ലേലം നടക്കാതിരുന്നാൽ 11-3-2021 തീയതിയിലും നടപടിക്രമങ്ങൾ പാലിച്ച് ലേല നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഫോൺ 04852811400

തടിയുടെ അളവുകൾ

| ക്രമ നമ്പർ | ഇനം | ജി. എച്ച്.ബി. (സെ. മീ.) | തടി അളവ് (ക്യൂ. മീ.) |
|---|---|---|---|
| 1 | തേക്ക് L III B | 98 | 0.342 |
| 2 | പൊങ്ങല്യം | 150 | 0.932 |

റവന്യൂ ഡിവിഷണൽ (ഒപ്പ്)
ആഫീസ്, മൂവാറ്റുപുഴ. റവന്യൂ ഡിവിഷണൽ ആഫീസർ.